പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2636 — 18.06.2018-ൽ മറുപടിക്ക്

**തൈക്കാട് - ചെങ്ങന്നൂർ സേഫ് കോറിഡോർ പദ്ധതി**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) എം.സി. റോഡിൽ തൈക്കാട് - ചെങ്ങന്നൂർ സേഫ് കോറിഡോർ പദ്ധതി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) 28/12/2016-ന് ആരംഭിച്ചു. |
| (ബി) പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന എം.സി റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ (SCDP) റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ 41% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം പുതുക്കൽ 45.35 കി.മീ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്ക് ഡിസൈൻ, മാർക്കിംഗ് മുതലായവ M/s NATPAC-നെ ഏല്പിച്ചിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്. |
| (സി) പദ്ധതിയിൽ ഏതെല്ലാം ജംഗ്ഷനുകളുടെ നവീകരണ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 1. വെട്ട്റോഡ് ജംഗ്ഷൻ<br>2. കാട്ടായിക്കോണം ജംഗ്ഷൻ<br>3. പോത്തൻകോട് ജംഗ്ഷൻ<br>(3 ജംഗ്ഷനുകളായാണ് പരിഗണിക്കുന്നത്)<br>4. തൈക്കോട് ജംഗ്ഷൻ<br>5. വെഞ്ഞാറമൂട് ജംഗ്ഷൻ<br>6. കാരേറ്റ് ജംഗ്ഷൻ<br>7. കിളിമാന്നൂർ ജംഗ്ഷൻ<br>8. നിലമേൽ ജംഗ്ഷൻ<br>9. ചടയമംഗലം ജംഗ്ഷൻ<br>10. ആയൂർ ജംഗ്ഷൻ<br>11. ആയൂർ -കൊല്ലം ജംഗ്ഷൻ<br>12. വാളകം ജംഗ്ഷൻ<br>13. സദാനന്ദപുരം ജംഗ്ഷൻ |

14. കരിക്കം ജംഗ്ഷൻ
15. മേട്ടി ഹോസ്പിറ്റൽ ജംഗ്ഷൻ
16. കൊട്ടാരക്കര ജംഗ്ഷൻ
17. മൈലം ജംഗ്ഷൻ
18. കലയപുരം ജംഗ്ഷൻ
19. പുത്തൂർ മുക്ക് ജംഗ്ഷൻ
20. ലക്ഷംവീട് കോളനി ജംഗ്ഷൻ
21. കുളക്കട ജംഗ്ഷൻ
22. ഏനാത്ത് ജംഗ്ഷൻ
23. ഏനാത്ത് വൈ-ജംഗ്ഷൻ
24. വടക്കടത്ത്കാവ് ജംഗ്ഷൻ
25. നെല്ലിമൂട്ടിൽ പടി ജംഗ്ഷൻ
26. അടൂർ റൗണ്ട് എബൗട്ട് ജംഗ്ഷൻ
27. ബൈപ്പാസ് എന്റ് ജംഗ്ഷൻ
28. ഹൈസ്കൂൾ ജംഗ്ഷൻ

| | |
|---|---|
| (ഡി) പദ്ധതിയിലെ മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) മുഴുവൻ പ്രവർത്തനങ്ങളും 26/04/2019-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി നടത്തിപ്പിനായി റോഡ് സേഫ്റ്റി സെൽ (പി.ഡബ്ല്യു.ഡി), NATPAC, ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (കേരള റോഡ് സേഫ്റ്റി അതോറിറ്റി) എന്നിവരുടെ നേതൃത്വത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാനും സമയബന്ധിതമായി പൂർത്തീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ